**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5892 — 19/11/2019 ൽ മറുപടിക്ക്

## മൺപാത്ര വ്യവസായത്തിലെ പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കളിമണ്ണിന്റെ ലഭ്യതക്കുറവ് കേരളത്തിലെ മൺപാത്ര വ്യവസായത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ ലഭ്യത കുറഞ്ഞുവരുന്നതിന് ഇത് കാരണമാവുന്നുണ്ടോ; സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br>(സി) പരമ്പരാഗതമായി കളിമൺ ശേഖരിച്ചു വന്നിരുന്ന സ്ഥലങ്ങളിൽ നിന്നും പരിസ്ഥിതിക എതിർപ്പുകൾ കാരണം ഇപ്പോൾ സാധ്യമാവാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇതിനെ മറികടക്കാനായി എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിച്ചു വരുന്നത്; വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും കളിമണ്ണിന്റെ ലഭ്യതക്കുറവ് മൺപാത്ര വ്യവസായത്തിന് പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപെട്ടതിനാലാണ് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106 (5) പ്രകാരം പരമ്പരാഗത മൺപാത്രത്തൊഴിലാളികൾക്കും, അവരുടെ സഹകരണ സംഘങ്ങൾക്കും അതാത് ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജരോ, അധികാരപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്ന പക്ഷം ഒരു വർഷത്തേക്ക് പാരിസ്ഥിതിക അനുമതി ഇല്ലാതെ 50 ടൺ കളിമണ്ണ് റോയൽറ്റി ഒടുക്കാതെ ഖനനം ചെയ്ത് കൊണ്ടുപോകുന്നതിനു സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ് നിലവിൽ നൽകിവരുന്നത് |
| (ഡി) മൺപാത്ര തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾക്കായി സർക്കാർ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) സംസ്ഥാനത്ത് പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെടുന്ന സമുദായങ്ങളിലെ അർഹരായവർക്ക് തൊഴിൽ നവീകരണത്തിനായി പരമാവധി 50,000/- രൂപ വരെ രണ്ട് ഗഡുക്കളായി ധനസഹായം നൽകി വരുന്നു. പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്കായി കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കി വരുന്നു. മൺപാത്ര തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങൾക്കായി കേരള സംസ്ഥാന കളിമൺപാത്ര നിർമാണ വിപണന ക്ഷേമ |

വികസന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. മൺപാത്ര മേഖലയിലെ ആധുനികവൽക്കരണം, തൊഴിൽ നൈപുണ്യ പരിശീലനം, വിപണന സംവിധാനം എന്നിവക്കായി കോർപ്പറേഷന്റെ കീഴിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. കൂടാതെ കളിമണ്ണ് ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ ശേഖരിച്ച് വിതരണം നടത്തുന്നതിന് റോമെറ്റീരിയൽ ബാങ്ക് സഹകരണ നിയമപ്രകാരം വ്യവസായ ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ